# റാട്ടുകളുടെ സംഗീതമുള്ള തൊഴിൽശാലകൾ
## കേരളത്തിലെ കയർത്തൊഴിലാളിസമൂഹം അതിജീവനവും പുനരുജ്ജീവനവും

**ഡോ. ബീന കെ.**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം
ഗവ. കോളേജ് നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

തൊഴിൽക്കൂട്ടായ്മകൾക്ക് സാമൂഹികചരിത്രത്തിൽ നിർണ്ണായക സ്ഥാനമുണ്ട്. തൊഴിലാളികളുടെ പോരാട്ടചരിത്രങ്ങളും വികാസപരിണാമവഴികളും സമൂഹപഠനത്തിന്റേയും ചരിത്രപഠനത്തിന്റേയും ഭാഗമാണ്. കൈത്തൊഴിലുകൾ പ്രാഥമികമോ ദ്വിതീയമോ ആയ സാഹചര്യങ്ങളിൽ നിലനിർത്തപ്പെടേണ്ടവയാണ്. കയർ നിർമ്മാണ മേഖലയിലും കയറുല്പന്നങ്ങളുടെ മേഖലയിലും തൊഴിലെടുക്കുന്ന കൂട്ടായ്മകൾ ചരിത്രപഠനങ്ങളിൽ അപ്രസക്തമായിരിക്കുന്നു. കേരളത്തിലെ കയർത്തൊഴിലാളികൾ നൂറ്റാണ്ടുകളായി ഇവിടത്തെ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ സ്വാധീനം ചെലുത്തുന്നു. കേരളസമൂഹപഠനത്തിന്റെ ഭാഗമായി കേരളത്തിലെ കയർത്തൊഴിലാളികളുടെ ചരിത്രത്തെ ഈ പ്രബന്ധം സാമാന്യമായി പരിശോധിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനങ്ങളിലും ഉല്പാദനക്ഷമതയിലും ഒന്നാംസ്ഥാനത്തു നിൽക്കുന്ന ചിറയിൻകീഴ് താലൂക്കിലെ പെരുങ്ങുഴി കയർസഹകരണസംഘത്തിന്റെ പ്രവർത്തനങ്ങളേയും തൊഴിലാളികളുടെ ജീവിതരീതികളേയും സവിശേഷമായി പഠനത്തിനു സ്വീകരിച്ചിരിക്കുന്നു. നാടോടി വിജ്ഞാനീയത്തിന്റേയും നവചരിത്രവാദത്തിന്റേയും സംസ്കാരപഠനത്തിന്റേയും ചരിത്രപഠനത്തിന്റേയും രീതിശാസ്ത്രം പ്രബന്ധരചനയ്ക്ക് ഉപയോഗിച്ചിട്ടുണ്ട്.

**സൂത്രവാക്കുകൾ**

തൊഴിൽക്കൂട്ടായ്മ, അധ്വാനം, അപമാനവീകരണം, കയർ നിർമ്മാണ രീതികൾ, റാട്ടുകൾ, നവചരിത്രവാദം, പുനരുജ്ജീവനം, അതിജീവനം.

ഒരു ജനത അധിവാസസ്ഥാനമനുസരിച്ചും അസംസ്കൃതവസ്തുക്കളുടെ ലഭ്യതയനുസരിച്ചുമൊക്കെയാണ് ഒരു തൊഴിൽക്കൂട്ടായ്മയായി രൂപപ്പെടുന്നത്. സമൂഹപരിണാമദശകളിൽ ജാതി, ദേശം, സമുദായം, കുലം, വംശം, വിദ്യാഭ്യാസം എന്നിവയൊക്കെ ഓരോജനതയുടെയും തൊഴിലിനേയും ജീവിതരീതികളേയും സാംസ്കാരികനിലവാരത്തേയും സാമൂഹികപദവിയേയും കൃത്യമായി രൂപപ്പെടുത്തിയിരുന്നു. എന്നാൽ ഈ ഘടകങ്ങളൊന്നും ആധാരമാക്കാതെ ഭൂമിശാസ്ത്രപരമായും പാരിസ്ഥികമായുമുള്ള ഘടകങ്ങളെ ആശ്രയിച്ച് രൂപപ്പെട്ടുവന്ന തൊഴിലുകളായിരുന്നു കയർപിരിക്കലും കയർനെയ്ത്തും. കേരവൃക്ഷസമ്പന്നതയും ജലാശയസമൃദ്ധിയും ചേർന്ന പ്രകൃതിയും മനുഷ്യാധ്വാനവും സമന്വയിച്ചപ്പോൾ രൂപമെടുത്ത തൊഴിൽ കൂട്ടായ്മയായിരുന്നു അത്. ചരിത്രഗ്രന്ഥങ്ങൾ തൊഴിൽക്കൂട്ടായ്മകളെപ്പറ്റി ഉൾക്കാഴ്ചയോടുകൂടി വസ്തുതകൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും കയർത്തൊഴിലാളികളേയോ അവരുടെ സംസ്കാരത്തേയോ പരിഗണിച്ചിട്ടില്ല.

കേരളത്തിലെ തീരപ്രദേശങ്ങളിലെ (കായൽ/കടൽ) ജനതയ്ക്ക് വിഭവലഭ്യതകൊണ്ട് പ്രാപ്യമായിത്തീർന്ന കൈത്തൊഴിലായിരുന്ന "കയർ നിർമ്മാണം. വിദേശസഞ്ചാരികളുടെ വിവരണങ്ങളിൽ കേരവൃക്ഷത്തെ പരാമർശിക്കുന്നുണ്ട്. കയറിന്റെ കഥ മാർക്കോപോളോയുടെ യാത്രാവിവരണ ഗ്രന്ഥങ്ങളിൽ നിന്നും ആരംഭിക്കാം. അദ്ദേഹം വിവരിക്കുന്ന അറബിക്കപ്പലുകളിലെ കയർ വടക്കൻകേരളത്തിൽ നിന്നുള്ളവ ആയിരുന്നിരിക്കാം. വ്യവസായത്തിന്റേയും വ്യാപാരത്തിന്റേയും വംശാവലി എത്രതന്നെ പുരാതനമായിരുന്നാലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ബ്രിട്ടീഷ് മൂലധനം കുലുക്കിയുണർത്തുന്നതുവരെ കയർ മുഖ്യമായും കേരളീയഗ്രാമീണ സ്വയംപര്യാപ്തതയുടെ ആവശ്യങ്ങളിൽ മയങ്ങിക്കിടക്കുകയായിരുന്നു." (രാഘവവാര്യർ, 2009: 167) കേരളത്തിന്റെ ജലസമ്പത്ത് കൃഷിക്കും ഗതാഗതത്തിനും മാത്രമായിരുന്നില്ല പ്രയോജനപ്പെട്ടത്. ഗ്രാമങ്ങളെ തീരദേശങ്ങളുമായി ബന്ധിപ്പിച്ചിരുന്നത് ജലാശയങ്ങൾ തന്നെ. ഓരോ ഭൂപ്രദേശത്തേയും ഉല്പന്നങ്ങളെ കൈമാറ്റം ചെയ്തിരുന്നതും ഈ മാധ്യമം ഉപയോഗിച്ച് കൊണ്ടായിരുന്നു.

**അധ്വാനം, അപമാനവീകരണം, അതിജീവനം**

ഉപജീവനത്തിനായി അധ്വാനിക്കുന്നവനാണ് തൊഴിലാളി. അധ്വാനവും ഉല്പാദനവും മനുഷ്യചരിത്രത്തിലെ അനിവാര്യഘടകങ്ങളാണ്. വസ്തുക്കൾ, ആശയങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെല്ലാം ഉല്പന്നങ്ങളാണ്. "ഒരു സമൂഹത്തിന് സാമ്പത്തികാടിത്തറയും അസ്തിത്വവും ഉറപ്പിച്ചെടുക്കുന്നത് തൊഴിലാളിയുടെ അധ്വാനമാണ്. അധ്വാനം എന്നത് ഉല്പാദകശക്തിയാണ്. അധ്വാനത്തിന്റെ പുനരുല്പാദനവും ഉത്പാദനത്തിന്റെ പുനരുത്പാദനവും നിരവധി വ്യവസ്ഥകളേയും സങ്കല്പങ്ങളേയും സൃഷ്ടിക്കുന്നു. അതിന്റെ ആകെത്തുകയാണ് സംസ്കാരം." (അനിൽ, 2018: 14) അധ്വാനം മാത്രം കൈമുതലായുള്ള തൊഴിലാളിക്ക് ഉല്പാദനോപാധികളിൻമേൽ യാതൊരു ഉടമസ്ഥാവകാശങ്ങളുമില്ല. സമൂഹത്തിന്റെ സാമ്പത്തികാസ്തിത്വം (അടിത്തറ) ഉറപ്പിക്കുന്ന തൊഴിലാളി തന്റെ അധ്വാനശക്തി മുതലാളിമാർക്ക് വിൽക്കേണ്ടി വരുന്നു. അവർ കെട്ടിയുയർത്തുന്ന സാമൂഹികസ്ഥാപനങ്ങളിൽ (മേൽപ്പുര) തൊഴിലാളിക്കോ അവന്റെ അധ്വാനത്തിനോ പ്രസക്തിയില്ല. ഉപജീവനത്തിനു വേണ്ടി വിൽക്കപ്പെടുന്ന അധ്വാനിയായ തൊഴിലാളി അങ്ങനെ സമൂഹത്തിൽ അപ്രസക്തനും അപമാനവീകരിക്കപ്പെട്ടവനുമായിത്തീരുന്നു.

1859 ലാണ് കേരളത്തിലെ ആദ്യ കയർ ഫാക്ടറി ആലപ്പുഴയിൽ ആരംഭിച്ചത്. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിൽ പോലും കേരളത്തിലെ കയർത്തൊഴിലാളികളുടെ ജീവിതം ഏറെ ദയനീയമായിരുന്നു. "1940 കളിൽ നാലണക്കൂലിയാണ് കയർത്തൊഴിലാളിക്കു ലഭിച്ചുകൊണ്ടിരുന്നത്. 1950 കളിൽ കയർത്തൊഴിലാളികളുടെ ഒരു ദിവസത്തെ വേതനം 50 പൈസയായി. അത് ലഭിക്കണമെങ്കിൽ പുലർച്ചെ ഏഴു മുതൽ വൈകിട്ട് ഏഴു വരെ പണിയെടുക്കണം. അല്പം വൈകിയാൽ കൂലി കുറയും. മാത്രമല്ല മൂപ്പൻമാരുടെ ചാട്ടവാർ തൊഴിലാളികളുടെ മുതുകിൽ പതിയുകയും ചെയ്യും." (കയർവ്യവസായം, 2021: 12) ഒൻപത് തൊഴിലാളികൾ പട്ടിണി കിടന്നു മരിച്ച സാഹചര്യത്തിലാണ് തൊണ്ടുതല്ലൽ യന്ത്രം നിരോധിക്കാൻ വേണ്ടി സമരം നടത്തിയതും ഉത്തരവു സമ്പാദിച്ചതും (കയർവ്യവസായം, 2021: 12)

**തൊഴിലാളിസംഘടന – ഒരു സ്വതന്ത്രരാഷ്ട്രീയശക്തി**

കേരളത്തിലെ ആദ്യത്തെ ട്രേഡ് യൂണിയൻ പ്രസ്ഥാനമായ തിരുവിതാംകൂർ ലേബർ അസ്സോസിയേഷൻ 1922 ൽ ആലപ്പുഴയിൽ രൂപീകരിച്ചത് എംപയർ കയർ വർക്സിലെ മൂപ്പനായിരുന്ന വാടപ്പുറം ബാവയാണ്. ശ്രീനാരായണഗുരുവിന്റെ 'സംഘടന കൊണ്ടു ശക്തരാകുക' എന്ന ആശയം ബാവയെ സ്വാധീനിച്ചിരുന്നു. തിരുവിതാംകൂർ ലേബർ അസ്സോസിയേഷനാണ് പിന്നീട് ശക്തമായ ട്രേഡ് യൂണിയനായി മാറുന്നത്. തൊഴിലാളികളുടെ എണ്ണം കുറവായിരുന്ന ആദ്യകാലത്ത് മെച്ചപ്പെട്ട വേതനം ലഭിച്ചിരുന്നു. ആഗോള സാമ്പത്തികത്തകർച്ച കേരളത്തിലെ വാണിജ്യകൃഷിയെ ബാധിച്ചപ്പോൾ ഫാക്ടറികളിൽ തൊഴിലാളികൾ വർദ്ധിച്ച് കയറ്റുമതി നിരക്കു കൂടി. നാട്ടിൻപുറത്തും ചെറുകിട ഫാക്ടറികൾ രൂപമെടുത്തു. യൂറോപ്യൻമാരുടെ വൻകിട ഫാക്ടറികൾ തമ്മിലും ചെറുകിട കയറ്റുമതിക്കാർ തമ്മിലും കച്ചവട മത്സരങ്ങൾ വർദ്ധിച്ചു. ഉല്പന്നങ്ങളുടെ വില വെട്ടിക്കുറച്ചു. അനന്തരഫലമായി തൊഴിലാളികളുടെ കൂലിയും കുറവുചെയ്യപ്പെട്ടു. ആളോഹരി തൊഴിൽ ലഭ്യതയിലും വരുമാനത്തിലും ഇടിവുണ്ടായി. തൊഴിലാളികൾക്കുണ്ടായ സമ്മർദ്ദവും പ്രതിഷേധവുമാണ് ശക്തമായ സമരപോരാട്ടങ്ങൾക്ക് ഇടയാക്കിയത്. പി. കേശവദേവ് കുറേക്കാലം യൂണിയൻ സെക്രട്ടറിയായിരുന്നു. നാട്ടുകാരായ ഫാക്ടറി ഉടമസ്ഥർ തൊഴിലാളികളെ ക്രൂരമായി ചൂഷണം ചെയ്തിരുന്നു. രാജാവിനു നിവേദനം നൽകാൻ ജാഥയായി പുറപ്പെട്ട തൊഴിലാളികളെ സർക്കാർ അടിച്ചമർത്തിയപ്പോഴാണ് തൊഴിലാളികൾ പണിമുടക്ക് ആരംഭിക്കുന്നത്. യൂണിയൻ രജിസ്ട്രേഷൻ റദ്ദാക്കുകയും തൊഴിലാളി നേതാക്കളെ ജയിലിലടയ്ക്കുകയുമാണ് സർക്കാർ ചെയ്തത്. വാടപ്പുറം ബാവ സംഘടിത തൊഴിലാളികളുടെ ആദ്യരക്തസാക്ഷിയായി തീർന്നു.

ആലപ്പുഴയിലെ ഗ്രാമങ്ങളായ പുന്നപ്രയും വയലാറും ശക്തമായ സമരകേന്ദ്രങ്ങളായി മാറിയത് ഇ.എം.എസ് രേഖപ്പെടുത്തുന്നുണ്ട്. "തിരുവിതാംകൂറിൽ ഉത്തരവാദഭരണത്തിനു വേണ്ടിയുള്ള പൊതുജനാധിപത്യ പ്രസ്ഥാനത്തിനു പിന്തുണ നൽകികൊണ്ട് തിരുവിതാംകൂറിലെ തൊഴിലാളിവർഗ്ഗം ഒന്നാമത്തെ പൊതുരാഷ്ട്രീയ പണിമുടക്ക് 1938 ൽ സംഘടിപ്പിച്ചപ്പോൾ,

ആ ജില്ലയിലെ കയർ തൊഴിലാളികളുടേയും മറ്റു തൊഴിലാളികളുടേയും ഉശിരൻ സമരങ്ങളുടെ കേന്ദ്രങ്ങളായിരുന്നു ആ ഗ്രാമങ്ങൾ" (ഇ.എം.എസ്., 2008: 129) ഉത്തരവാദഭരണം പൊതുപണിമുടക്കിന്റെ കൂടി മുദ്രാവാക്യമായി മാറുകയും ഒരു പുതിയ വർഗ്ഗകക്തിയുടെ ഉഭയപ്രഖ്യാപനമായി ആ സമരം മാറുകയും ചെയ്തു ദിവാന്റെ ദുർഭരണവും മർദ്ദനമുറകളും തൊഴിലാളികളുടെ അനൈക്യവും എല്ലാം വലിയ പ്രത്യാഘാതങ്ങളാണുണ്ടാക്കിയത്. വാരിക്കുന്തങ്ങളുമായി പട്ടാളത്തെയെതിർത്ത ധാരാളം തൊഴിലാളികൾ വെടിയേറ്റു മരിച്ചു. സ്റ്റേറ്റ് കോൺഗ്രസ്സിലെ അസംതൃപ്തരായ യുവതലമുറയും കയർത്തൊഴിലാളികളും ചേർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരായി. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഔപചാരികഘടകങ്ങൾ ആലപ്പുഴയിൽ രൂപീകൃതമായി. യൂണിയൻ അംഗത്വം വർദ്ധിക്കുകയും സ്ത്രീകൾക്കും പ്രത്യേകം കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. വിപ്ലവരാഷ്ട്രീയം തൊഴിലാളികളുടെ വീടുകളിലേക്കും കടന്നുചെന്നു. മിക്ക തൊഴിലുകൾ ചെയ്യുന്നവർക്കും പ്രത്യേക യൂണിയനുകൾ രൂപപ്പെട്ടു. ഗ്രാമീണജനങ്ങളുടെ സമരസംഘങ്ങൾ രൂപപ്പെട്ടു. 1938 ലെ പണിമുടക്കിൽ ഒരു സ്വതന്ത്രരാഷ്ട്രീയശക്തിയായി കടന്നുവന്ന തൊഴിലാളിവർഗ്ഗം പുന്നപ്ര വയലാർ സമരത്തിലൂടെയാണ് തിരുവിതാംകൂറിലെ രാഷ്ട്രീയസമര നേതൃത്വരംഗത്തേക്ക് ഉയരുന്നത്.

**സർഗ്ഗാത്മകതയുടെ സൗന്ദര്യം: തിരുനല്ലൂർ കരുണാകരനും വയലാർ രാമവർമ്മയും**

"കയറു പിരിക്കും തൊഴിലാളിക്കൊരു
കഥയുണ്ടുജ്ജ്വല സമരകഥ"

എന്ന കവിതയിൽ വയലാർ തന്റെ കൺമുന്നിൽ വെടിയുണ്ട നെഞ്ചിൽ തറച്ച് രക്തം ചീന്തി പിടഞ്ഞ് മരിച്ച വിപ്ലവകാരിയുടെ ചിത്രം ഹൃദയഭേദകമായി വരച്ചിടുന്നു. ഈ കവിത കുട്ടനാട്ടിലെ കയർത്തൊഴിലാളികളിൽ വിപ്ലവവീര്യം പകർന്നിരുന്നു. തിരുനല്ലൂർ കരുണാകരന്റെ 1957 ൽ പ്രസിദ്ധീകരിച്ച കാവ്യമാണ് റാണി. പ്രണയം മധുരമാണെന്നറിയുകയും പ്രണയിച്ചു ജീവിക്കാൻ കഴിയാതെ അധ്വാനിച്ച്, ആരോഗ്യം നശിച്ച് മണ്ണടിഞ്ഞു പോകാനും മാത്രം കഴിഞ്ഞിരുന്ന കയർ തൊഴിലാളികളുടെ

ദുരന്തം സർഗ്ഗാത്മകമായി ആവിഷ്ക്കരിക്കുകയാണ് 'റാണി'യിൽ.

"കല്ലോലമാലയിൽ ചാർത്തിയ പച്ചപ്പതക്കമായ് തോന്നുന്ന തെങ്ങിൻ തുരുത്തുകളെ വർണ്ണിക്കുകയും റാട്ടുകളെപ്പോഴുമദ്ധ്വാന ശക്തിതൻ പാട്ടു പാടുന്നതും, താരിളം കൈകൾ തൊണ്ട് തല്ലുന്നതിൻ താളവും മേളവും കേൾപ്പിക്കുകയും ചെയ്തുകൊണ്ട് റാണിയെന്ന പ്രണയകാവ്യം കയർത്തൊഴിലാളികളുടെ വേദനാപൂരിതമായ ഹൃദയസ്പന്ദനങ്ങളെ ആവിഷ്ക്കരിക്കുന്നു. കൊച്ചുതുരുത്തിനെ തൊട്ടുപോകുന്ന കെട്ടുവള്ളത്തിലെ അധ്വാനിയായ നാണുവും തോഴികളോടൊപ്പം 'മാലി' യെടുക്കുന്ന റാണിയും അവിസ്മരണീയമായ ദുരന്തകഥാപാത്രങ്ങളാണ്. എന്നും ദാരിദ്ര്യമനുഭവിക്കാൻ മാത്രം കഴിഞ്ഞിരുന്ന കയർത്തൊഴിലാളികളുടെ ഒരിക്കലും പൂവണിയാത്ത ആഗ്രഹങ്ങളാണ് കാവ്യത്തിലെ നായകന്റെ വാക്കുകളിൽ തെളിയുന്നത്.

"സ്വന്തമായിത്തിരി മണ്ണുവാങ്ങിച്ചതിൽ
കൊച്ചൊരു കൂരയും കെട്ടി,
മാനമായ് നിന്നെ ഞാൻ കൊണ്ടുപോവില്ലയോ
താലിയും മാലയും ചാർത്തി" (കരുണാകരൻ, 1988: 23)

എന്ന വരികളിൽ കാണുന്നത്. തൊഴിലാളിയുടെ ജീവിതദൈന്യതയെ, നഷ്ടസ്വപ്നങ്ങളെ, ജീവിതയാഥാർത്ഥ്യങ്ങളെ കൃത്യമായി പ്രതിഫലിപ്പിക്കുന്ന ഈ കാവ്യം ആ കാലഘട്ടത്തിലെ കയർത്തൊഴിലാളികളുടെ ജീവചരിത്രമാണ്. സാഹിത്യപാഠങ്ങളെ ചരിത്രപാഠങ്ങളാക്കി മാറ്റുകയും ചരിത്രപാഠങ്ങൾക്ക് സാഹിത്യപാഠങ്ങൾ നിർമ്മിക്കുകയും ചെയ്യുന്ന നവചരിത്രവാദസിദ്ധാന്തങ്ങളുടെ പ്രയോഗസാധ്യത ഇതിലുണ്ട്. അധ്വാനികളായ മനുഷ്യരുടെ അസ്വസ്ഥജനകവും നിരാശാപൂർണ്ണവുമായ ജീവിതത്തിന്റെ നേർക്കാഴ്ചയാണ് റാണി എന്ന കാവ്യം. കായലോരങ്ങളിൽ അഴുകിയ തൊണ്ടിൽ നിന്നും പൊൻമാല നിർമ്മിക്കുന്ന മനുഷ്യാധ്വാനത്തിന്റെ ചരിത്രമാണത്.

**കേരളത്തിലെ കയർ സഹകരണസംഘങ്ങൾ:**
**ചരിത്രം, വികാസം, പ്രതിസന്ധികൾ**

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലബാറിൽ തുടങ്ങിയ സഹകരണസംഘങ്ങളാണ് കയർ മേഖലയിൽ പരിവർ

ത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. 1950 ലെ തിരു- കൊച്ചി സർക്കാറിന്റെ കയർ സ്കീമാണ് വലിയ മാറ്റം സൃഷ്ടിച്ചത്. കയർ ഉല്പാദകസംഘങ്ങൾ, തൊണ്ടുസംഘങ്ങൾ, കേന്ദ്ര മാർക്കറ്റിംഗ് സംഘങ്ങൾ എന്നിങ്ങനെ മൂന്നു തലത്തിലായി സംഘങ്ങളെ തിരിച്ചു. വിദേശവിപണി കണ്ടെത്തുക, ഇടനിലക്കാരെ ഇല്ലാതാക്കുക, തൊഴിലാളികൾക്കു മിനിമം കൂലി ഉറപ്പ് വരുത്തുക എന്നിവയായിരുന്നു ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിൽ സഹകരണ സംഘം പരാജയപ്പെട്ടു. ഇതോടെ പുതിയ പദ്ധതികൾ സർക്കാർ നടപ്പിലാക്കാൻ ശ്രമിച്ചു. 1963 ലെ കയർ പുനഃസംഘടനാ സ്കീം പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്ന വിധം സംഘങ്ങൾ തരംതിരിച്ചു. സെക്രട്ടറി മേൽനോട്ടം വഹിക്കുന്ന 200 അംഗങ്ങളുള്ള സംഘങ്ങൾ, ഗ്രേഡ് ഉയർത്താൻ സാധ്യതയുള്ള സംഘങ്ങൾ എന്നിവ നിലനിർത്തി. മറ്റുള്ളവ നിർത്തലാക്കി, പുതിയ സംഘങ്ങൾ രൂപീകരിക്കാനും തീരുമാനിച്ചു. കയറുല്പന്നങ്ങളുടെ കയറ്റുമതി, തറവില, ഗുണനിയന്ത്രണം, വാങ്ങൽ വില എന്നിവ നിശ്ചയിച്ചു. തൊണ്ടുവില നിയന്ത്രണം, തൊണ്ടഴുക്കലിന് ലൈസൻസിംഗ് എന്നിവ നടപ്പിലാക്കി. അന്യസംസ്ഥാനങ്ങളിലേക്ക് ചകിരികയറ്റുമതി നിരോധിച്ചു. തൊണ്ടുവില സർക്കാർ നിജപ്പെടുത്തി. ഇടത്തട്ടുകാരുടെ ചൂഷണം അവസാനിക്കുകയുംസഹകരണമേഖല ശക്തിപ്പെടുകയും ചെയ്തു. നേരിട്ടുള്ള ഉല്പാദനത്തിനു മുൻതൂക്കം ലഭിച്ചതോടെ ഉല്പാദക സഹകരണസംഘങ്ങൾ തൊഴിലാളികളുടെ സഹകരണസംഘങ്ങളായി മാറി.

സഹകരണസംഘങ്ങളിൽ തൊഴിലില്ലായ്മ രൂക്ഷമാകുന്നത് അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യത്തോടെയാണ്. തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ച് കയർ കമ്പോളം വികസിക്കാതിരുന്നതും തടസ്സമായി തീർന്നു. എന്നിരുന്നാലും മിനിമം കൂലി ഉറപ്പ് നൽകാനും തൊഴിൽ മേഖലയിലെ ചൂഷണത്തിനു സാമൂഹികപരിധി നിർണ്ണയിക്കാനും കഴിഞ്ഞു.

അസംഘടിത ചെറുകിട മേഖലകളിൽ അപ്പോഴും തൊഴിലാളികൾ ചൂഷിതരായിത്തുടർന്നു. ചെറുകിട മേഖലകളിലേക്ക് കൂടുതൽ വികേന്ദ്രീകൃതമായ ഘടനയിലേക്ക് കയർമേഖല മാറാൻ തുടങ്ങി. അവിടെയും തൊഴിലാളികൾ സംഘടിതരായപ്പോഴാണ് പരമ്പരാഗത സാങ്കേതികവിദ്യ ഉപേക്ഷിച്ചുകൊണ്ട്

മേഖല യന്ത്രവത്കൃതമാകുന്നത്. തൊണ്ടുതല്ലു മെഷീനുകൾ (പിച്ച് മിൽ) സ്ഥാപിച്ചതോടെ തൊഴിലാളികളുടെ എണ്ണം കുറ യ്ക്കേണ്ടി വന്നു. എന്നാലും കയറ്റുമതി കുറഞ്ഞുപോയ സാഹചര്യ ത്തിൽ യന്ത്രവത്കരണവാദത്തിന് ശക്തി കൂടി. ഉൽപാദനക്ഷ മത കൂട്ടാൻ കഴിയുമെന്നും, വിദേശകമ്പോളം ലഭിക്കുമെന്നുള്ള വാദങ്ങളെ കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ വാദങ്ങൾ തള്ളിക്കള യുംകയും ചെയ്തിരുന്നു.

എസ്. ശിവരാമൻ തയ്യാറാക്കിയ റിപ്പോർട്ട് (Report of the Task force on Coir Industry, 1973) മറ്റു രാജ്യങ്ങളിലെ കയറുല്പാ ദനം ഇന്ത്യക്കു ഭീഷണിയല്ലെന്നും അവിടെ തവിട്ട് കയറാണ് ഉല്പാദിപ്പിക്കുന്നതെന്നും അഭിരുചിയിലുള്ള മാറ്റമാണ് കയറ്റുമ തി ഇടിവിനു കാരണമെന്നുമായിരുന്നു. മാത്രമല്ല യന്ത്രവത്ക രണം വ്യാപകമായി തൊഴിലില്ലായ്മയ്ക്കു വഴിതെളിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു. തൊഴിലില്ലായ്മ പ്രശ്നം ഉന്നയിച്ചുതന്നെ ട്രേഡ് യൂണിയനുകളും യന്ത്രവത്കരണത്തെ എതിർത്തു. 1980 കളോടെ കയറ്റുമതി തകർച്ച രൂക്ഷമാകുകയും തൊഴിലാളികൾ മറ്റ് മേഖലകളിലേക്ക് നീങ്ങുകയും ചെയ്ത സാഹചര്യത്തിൽ പ്ര ത്യേക നവീകരണം നടത്താൻ 1987 ലെ നയനാർ സർക്കാരും ട്രേഡ് യൂണിയനുകളും തമ്മിൽ ധാരണയിലെത്തി. ചകിരിമി ല്ലുകളും ഇലക്ട്രോണിക് റാട്ടുകളും ഉപയോഗിക്കാനും തൊണ്ട് സംഭരണത്തിലെ നിയന്ത്രണങ്ങൾ നീക്കാനും സഹകരണസം ഘങ്ങളെ പുനരുദ്ധരിക്കാനും തീരുമാനമായി. പുതിയ വികസ നതന്ത്രങ്ങൾ ആവിഷ്കരിച്ചു. ഭൂവസ്ത്രം (ജിയോ ടെക്സ്റ്റൈൽ), തടുക്ക്, ടഫ്റ്റഡ് മാറ്റുകളുടെ കയറ്റുമതിയിലും വൻ വർദ്ധനയു ണ്ടായി. വിദേശ കമ്പോളത്തിൽ അഭിരുചിയിലുണ്ടായ മാറ്റവും പരിസ്ഥിതി ബോധവുമായിരുന്നു ഈ വളർച്ചയുടെ പിന്നിൽ. ലോകത്തിലെ പ്രകൃതിദത്തനാരുകളിൽ ഏറ്റവും കാഠിന്യമുള്ള നാരാണ് (ചകിരി) ലിഗ്നിൻ എന്ന ജൈവപോളിമർ ആണ് ഈ നാരിന് ദൃഢതയും പ്രതിരോധശക്തിയും ഈർപ്പം നിലനിർത്താ നുള്ള കഴിവും നൽകുന്നത്. പരിസ്ഥിതിസൗഹൃദ പ്രകൃതിദത്ത നാരുകൾ എന്നതാണിതിന്റെ പ്രാധാന്യം വർദ്ധിപ്പിച്ചത്. പ്ലാസ്റ്റി ക്ക് നിരോധനവും കയറുല്പന്നങ്ങളുടെ ആവശ്യകത കൂടി ചകിരി, ചകിരിച്ചോറ് (കയർപിത്ത്) എന്നിവയുടെ കയറ്റുമതിയിൽ വൻ

വർദ്ധനയുണ്ടായി. ബ്രിസിൽ ഫൈബർ, മാട്രസ് ഫൈബർ, കേൾഡ് ഫൈബർ എന്നിവയ്ക്ക് വിദേശത്ത് വൻ ഡിമാൻഡുണ്ടായി. ഇവിടെ മാലിന്യക്കുമ്പാരമായി മാറിയിരുന്ന ചകിരിച്ചോറ് ജൈവവളമായിട്ടും മണ്ണ് കണ്ടീഷൻ ചെയ്യാനുമായി കയറ്റുമതി ചെയ്യാൻ തുടങ്ങി. യാണിന്റെ കയറ്റുമതിയിൽ ഇടിവുണ്ടായത് വിദേശ രാജ്യങ്ങൾ യന്ത്രമുപയോഗിച്ച് തവിട്ട് ചകിരിയിൽ നിന്ന് യാണ് നിർമ്മിക്കാനാരംഭിച്ചപ്പോഴാണ്. ഈ യാണ് ഉപയോഗിച്ച് തടുക്കും പായയും നിർമ്മിക്കാനും കഴിയുന്നു. വെള്ളക്കയർ വ്യവസായത്തിന് പറ്റിയ ജൈവികസാഹചര്യങ്ങൾ മറ്റു രാജ്യങ്ങൾക്കില്ലാത്തത് കൊണ്ടു തന്നെയാണ് ഇവിടത്തെ വെള്ളക്കയർ ഉല്പന്നങ്ങൾ കയറ്റുമതിയിൽ പിടിച്ച് നിന്നത്.

കയർത്തൊഴിലാളികൾക്ക് ഉണ്ടായിരുന്ന തൊഴിൽ സംരക്ഷണവ്യവസ്ഥകൾ ആഗോളവത്കരണ പരിഷ്കാരങ്ങളോടെ നഷ്ടപ്പെടുകയും തൊഴിലാളികൾ ശക്തമായ പ്രതിരോധം തുടരുകയും ചെയ്തു. 2002 ലെ കയർസമരം ആഗോളവത്കരണ നയങ്ങളോടുള്ള തുറന്ന പ്രതിഷേധമായിരുന്നു. അവഗണന നേരിട്ട സഹകരണസംഘങ്ങൾ പ്രതിസന്ധിയിലായി. തൊഴിലാളിസഹകരണസംഘങ്ങളെ വീണ്ടും ഉല്പാദക സഹകരണ സംഘങ്ങളാക്കാൻ സർക്കാർ നിർദ്ദേശിച്ചു. കയറിനുള്ള റിബേറ്റ് കേന്ദ്രസർക്കാർ നിർത്തലാക്കിയതും സംഘങ്ങൾക്ക് പ്രതിസന്ധിയായി പകരം കയർബോർഡ് നടപ്പിലാക്കിയ മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റന്റ്സ് സംഘങ്ങൾക്ക് തുച്ഛമായ ആനുകൂല്യങ്ങൾ മാത്രം നൽകുന്നതായിരുന്നു.

കേന്ദ്രനയങ്ങൾക്കെതിരെയുള്ള സമരങ്ങളാണ് പിന്നീട് നടന്നത്. 2000 ൽ 750 കയർത്തൊഴിലാളികൾ പാർമെന്റിലേക്കു മാർച്ച് നടത്തി. കയർബോർഡ് ഓഫീസുകൾക്ക് മുന്നിലും സർക്കാർ ഓഫീസുകൾക്കു മുന്നിലും ധർണ്ണ നടത്തി. തുടർന്ന് ആലപ്പുഴയിലെ ഫാക്ടറികളിൽ പണിമുടക്ക് ആരംഭിച്ചു. കയർപിരിമേഖലകളും സ്തംഭിച്ചു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ഒത്തു തീർപ്പ് വ്യവസ്ഥകൾ പാലിക്കപ്പെട്ടില്ല. സംഘങ്ങളുടെ പ്രവർത്തനം വീണ്ടും നിലച്ചു. സ്വകാര്യ ഉടമകളുടെയടുത്ത് ഉപജീവനത്തിനു വേണ്ടി താഴ്ന്നകൂലിയിൽ പണിയെടുക്കാൻ തൊഴിലാളിക്ക് സന്നദ്ധരാകേണ്ടി വന്നു. സമരം സംസ്ഥാനമൊട്ടാകെ

ശ്രദ്ധിക്കപ്പെട്ടു. പുന്നപ്രവയലാർ സമരത്തിന്റെ സ്മരണകളുയർത്തുന്ന മുദ്രാവാക്യങ്ങൾ വീണ്ടും ഉയർന്നു. കയർ ഉല്പന്നങ്ങൾക്ക് അനുവദിച്ചിരുന്ന വിലവർദ്ധന കുടിശ്ശികയടക്കം നൽകാൻ കറ്റമതിക്കാർ തയ്യാറായതോടെയാണ് സമരം ഒത്തുതീർപ്പിലാകുന്നത്. ന്യായവില അംഗീകരിക്കപ്പെടുകയും ഡിപ്പോ സമ്പ്രദായം അവസാനിക്കുകയും സഹകരണമേഖലയുടെ സംരക്ഷണം ഉറപ്പാക്കുകയും ചെയ്തു. സർക്കാർ ഏറ്റകാര്യങ്ങൾ നടപ്പിലാകാതെ വന്നപ്പോൾ വീണ്ടും തൊഴിലാളികൾ പോരാട്ടം ആരംഭിച്ചു. 2003 ൽ സെക്രട്ടറിയേറ്റിനു മുന്നിൽ നടത്തിയ രാപകൽ സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകളും സർക്കാർ പാലിച്ചില്ല. 2005 ൽ നടത്തിയ സമരത്തിൽ പെൻഷൻ കുടിശ്ശിക മാത്രം അനുവദിക്കപ്പെട്ടു. തൊഴിലാളികൾക്ക് ഭരണകൂടത്തിൽ വിശ്വാസം നഷ്ടപ്പെട്ടു. തുടർന്ന് വന്ന വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റ് കയർ വ്യവസായത്തെ ഉയർത്താൻ നിരവധി നടപടികൾ സ്വീകരിച്ചു.

**കയർ വ്യവസായ സഹകരണസംഘം: പ്രവർത്തനങ്ങൾ**

തിരുവനന്തപുരം ജില്ലയിൽ അഞ്ചു മേഖലകളിലായി 56 കയർ വ്യവസായ സഹകരണ സംഘങ്ങൾ ഉള്ളതിൽ 39 എണ്ണമാണ് ഇപ്പോൾ പ്രവർത്തനമുള്ളത്. ചിറയിൻകീഴ്, കടയ്ക്കാവൂർ, വർക്കല, കണിയാപുരം, നെയ്യാറ്റിൻകര എന്നിവയാണ് തിരുവനന്തപുരം ജില്ലയിലെ കയർ വ്യവസായ മേഖലകൾ. ചിറയിൻകീഴ് താലൂക്കിൽ കടയ്ക്കാവൂർ ചിറയിൻകീഴ് മേഖല ഉൾപ്പെടുന്നു. 22 സംഘങ്ങൾ ചിറയിൻകീഴ് താലൂക്കിൽ സംഘങ്ങളിൽ 15 എണ്ണമാണ് നിലവിൽ പ്രവർത്തിക്കുന്നത്. കയറുല്പാദനത്തിൽ തിരുവനന്തപുരം ജില്ലയിൽ ഒന്നാം സ്ഥാനത്തുള്ള കയർ സംഘമാണ് പെരുങ്ങുഴി സംഘം.

**പെരുങ്ങുഴി കയർവ്യവസായ സഹകരണസംഘം – കയർ നിർമ്മാണരീതി (പരമ്പരാഗതം, യന്ത്രവത്കൃതം)**

ചിറയിൻകീഴ് താലൂക്കിൽ ഉൾപ്പെടുന്ന ഒരു ഗ്രാമമാണ് പെരുങ്ങുഴി. ജലസമൃദ്ധിയും ജൈവസമ്പന്നതയുമുള്ള ഈ ഗ്രാമത്തിലെ പ്രധാന തൊഴിൽ കയർവ്യവസായമാണ്. സഞ്ചാരികളെ ആകർഷിക്കുന്ന കഠിനംകുളം കായൽ പെരുങ്ങുഴിയേയും

പെരുമാതുറയേയും ബന്ധിപ്പിക്കുന്നു. ആളുകൾ ജലഗതാഗതവും ഉപയോഗിക്കുന്നുണ്ട്. തീരപ്രദേശമായ ഇവിടെ കുടിൽ വ്യവസായമായി തുടർന്ന് വന്ന കൈത്തൊഴിൽ 'കയർപിരിക്കലാണ്'. പെരുങ്ങുഴി ഗ്രാമത്തിലെ മിക്ക വീടുകളും ആദ്യകാലത്ത് കയർ പിരി കൈത്തൊഴിൽ പരമ്പരാഗതമായി സ്വീകരിച്ച് പോന്നവരാണ്. ഇന്ന് ഇവിടെ കയർസംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും വീടുകളിലും പരമ്പരാഗത റാട്ടുപയോഗിച്ചുള്ള കയർ നിർമ്മാണം നടക്കുന്നുണ്ട്.

പെരുങ്ങുഴി കയർ വ്യവസായ സഹകരണസംഘം പ്രസിഡന്റ്, സെക്രട്ടറി, ബിസിനസ് മാനേജർ, സംഘം തൊഴിലാളികൾ എന്നിവരിൽ നിന്ന് ശേഖരിച്ച വിവരങ്ങളും ഫാക്ടറി പ്രവർത്തനം നിരീക്ഷിച്ചറിഞ്ഞ വസ്തുതകളുമാണ് പ്രബന്ധത്തിൽ ഉൾപ്പെടുത്തുന്നത്. 1950 ജൂണ് 18 ന് പ്രവർത്തനമാരംഭിച്ച പെരുങ്ങുഴി കയർ സംഘത്തിൽ അഞ്ചുതെങ്ങ് നേർമ (300 റണ്ണേജ്) എന്ന കയറും വൈക്കം കയറും ഉല്പാദിപ്പിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ ഉല്പാദനം നടക്കുന്ന സംഘമാണ് പെരുങ്ങുഴി കയർ സംഘം. ഇരുന്നൂറ് തൊഴിലാളികൾ പണിയെടുക്കുന്നു. അതിൽ 20 പുരുഷ തൊഴിലാളികളാണ്. കയർ നിർമ്മാണ യൂണിറ്റാണിത്. കയറുല്പന്നങ്ങൾ ഈ ഫാക്ടറിയിൽ നിർമ്മിക്കുന്നില്ല. തൊണ്ട് താഴ്ത്തൽ, തൊണ്ടുരിക്കൽ, തൊണ്ടു തല്ല്, ചകിരി തെളിക്കൽ, കയറു പിരിക്കൽ, കയറു കെട്ടൽ തൊഴിലാളികളാണിവിടെയുള്ളത്. പരമ്പരാഗത റാട്ട്, ഇലക്ട്രോണിക് റാട്ട്, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, (ASM) ചകിരിതെളിക്കുന്ന മെഷീൻ (മുള്ള്), അഴകത്തൊണ്ടടിയന്ത്രം (തൊണ്ട് തല്ല് മെഷീൻ, പിച്ച് മിൽ) എന്നിവയാണ് ഉപയോഗിക്കുന്നത്. പരമ്പരാഗതം, ഇലക്ട്രോണിക്, ഓട്ടോമാറ്റിക് എന്നിങ്ങനെ മൂന്ന് വിധത്തിലും കയർപിരി പരിശീലിച്ചിട്ടുള്ളവരാണ് ഇവിടത്തെ മിക്ക സ്ത്രീ തൊഴിലാളികളും. പരമ്പരാഗത റാട്ട് ഉപയോഗിച്ചിരുന്നവരാണ് പിന്നീട് മറ്റ് രീതികളിലേക്ക് മാറിയത്. 55 വയസ്സുവരെയാണ് സർക്കാർ ആനുകൂല്യങ്ങളൊക്കെ ലഭിക്കുന്നതെങ്കിലും തുടർന്നും അവിടെ പണിയെടുക്കുന്ന പ്രായമുള്ള സ്ത്രീ തൊഴിലാളികളുണ്ട്. പരമ്പരാഗത കയർത്തൊഴിലാളികളാണവർ.

40 പരമ്പരാഗത റാട്ടുകളും 10 ഇലക്ട്രോണിക് റാട്ടുകളും 20 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും പ്രവർത്തിക്കുന്നു. ഓട്ടോ മാറ്റിക്ക് സ്പിന്നിംഗ് മെഷീനിൽ നിർമ്മിക്കുന്നത് വൈക്കം കയറാണ്. ഇതിന് അഴുകിയ തൊണ്ടിന്റെ ചകിരി ആവശ്യമി ല്ല. കയർഫെഡ് എത്തിച്ച് കൊടുക്കുന്ന പച്ചചകിരി തെളിച്ചെടു ത്ത് ഉപയോഗിക്കുന്നു. അഞ്ചുതെങ്ങ് നേർമ്മയെ അപേക്ഷിച്ച് ഈ കയറിനു ബലം കുറവും വിലകുറവുമാണ്. ഉല്പാദനം കൂടുതൽ നടക്കുന്നത് ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനിലാണ്. ഒരു മെഷീൻ പ്രവർത്തിപ്പിച്ച് കയർ നിർമ്മിക്കാൻ ഒരു തൊഴിലാളി മതി. പരമ്പരാഗത റാട്ടിൽ മൂന്ന് തൊഴിലാളികൾ വേണം ഒരാൾ ചക്രം കറക്കാനും രണ്ടുപേർ ചകിരി പിരിക്കാനും. ഇലക്ട്രോണി ക് റാട്ടിൽ ഘടിപ്പിച്ച സൂചികൾ കറങ്ങുന്നതിനനുസരിച്ച് രണ്ടു പേർ ചേർന്ന് കയർ പിരിക്കാൻ കഴിയും.

സംഭരിക്കുന്ന പച്ചത്തൊണ്ട് കായലിലോ ഉപ്പ് രസമുള്ള മറ്റ് ജലാശയങ്ങളിലോ താഴ്ത്തിയിടുന്നു. ഈ സ്ഥലത്തെ 'വട്ടം' എന്ന് പറയുന്നു. വള്ളത്തിൽ കൊണ്ടു വരുന്ന തൊണ്ട് ഈ വട്ടത്തിൽ വാരിയിട്ട് കയറുപയോഗിച്ച് വല (മാൽ) കെട്ടുന്നു. മാലിൽ പൊങ്ങിക്കിടക്കുന്ന പച്ചത്തൊണ്ട് ഓല അടുക്കി ചെ ളികോരിയിട്ട് താഴ്ത്തുന്നു. ഉപ്പ് ജലം കയറി തൊണ്ട് അഴുകി തുട ങ്ങുമ്പോൾ തൊണ്ട് വീണ്ടും താഴും. 7 മാസം മുതൽ 10 മാസം വരെ അഴുക്കാനിടുന്ന തൊണ്ട് കരയിലെടുത്ത് തൊണ്ടിന്റെ പുറം തോട് (ഇരുമ്പ്) ഇളക്കുന്നു ചൂട്ടരിക്കൽ എന്ന് പറയും. 'ചൂട്ടു രിക്കൽ' കഴിഞ്ഞ് തൊണ്ട് തല്ലൽ മെഷീൻ (പരമ്പരാഗതമായി ദണ്ഡുപയോഗിച്ച് തല്ലിയിരുന്നു) ഉപയോഗിച്ച് തല്ലുന്നു. ലഭിക്കു ന്ന ചകിരി, ചകിരി തെളിക്കൽ മെഷീൻ (മുള്ള്) ഉപയോഗിച്ച് വൃത്തിയാക്കുന്നു. ഉണങ്ങാനിടുന്ന ചകിരി അല്പം നനവോടു കൂടി പരമ്പരാഗത റാട്ടിലോ ഇലക്ട്രോണിക് മെഷീനിലോ പിരിച്ച് കയർ നിർമ്മിക്കുന്നു. അഴുക്കത്തൊ ണ്ടിന്റെ ചകിരി ഉപയോഗി ച്ചുണ്ടാക്കുന്ന കയറിന് ബലം കൂടും. വളയരൂപത്തിലാണ് കയർ കെട്ടുന്നത്. ഇത്തരത്തിൽ ഇവിടെ നിർമ്മിക്കുന്ന കയർ 'അഞ്ചു തെങ്ങ് നേർമ്മ'യാണ്. ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനിൽ പച്ചചകിരി ഉപയോഗിച്ച് വൈക്കം കയർ ഇവിടെ നിർമ്മിക്കു ന്നു. ഇതിനാവശ്യമായ ചകിരി നൽകുന്നത് കയർഫെഡാണ്. ഭ്ര

വസ്ത്ര (ജിയോടെക്സ്റ്റൈൽ) നിർമ്മാണത്തിനും ചവിട്ടികൾ നിർമ്മിക്കുന്നതിനുമാണിത് കൂടുതൽ ഉപയോഗിക്കുന്നത്.

ഇവിടത്തെ വാർഷിക ഉല്പാദകനിരക്ക് ഒരു ക്വിന്റലിന് മുകളിലാണ്. ചിറയിൻകീഴ് താലൂക്കിലെ 2022-23 വർഷത്തെ മൊത്തം കയർ ഉല്പാദനം 2966.37 കിലോഗ്രാമാണ് അതിൽ 1476.27 കിലോഗ്രാം കയറും ഉല്പാദിപ്പിച്ചത് പെരുങ്ങുഴി കയർ സംഘമാണ്. ചിറയിൻകീഴ് താലൂക്കിൽ ഉല്പാദനത്തിൽ രണ്ടാം സ്ഥാനത്തുള്ളത് ആനത്തലവട്ടം കയർ സംഘമാണ് (നം 708). മാടൻവിള കയർസംഘം (306) ഇടഞ്ഞിമൂല സംഘം (536) മുട്ടപ്പലം കയർസംഘം (705) തുടങ്ങിയ സംഘങ്ങളാണ് തൊട്ടുപിന്നിലുള്ളത്. തിരുവനന്തപുരം ജില്ലയിലെ മൊത്തം കയർ ഉല്പാദനത്തിന്റെ ഏറിയ പങ്കും ചിറയിൻകീഴ് മേഖലയിലെ സംഘങ്ങളാണ് ഉല്പാദിപ്പിക്കുന്നത്. ചകിരി ഉപയോഗിച്ചുള്ള ഉല്പന്നങ്ങളായ മാറ്റുകൾ, മെത്തകൾ ഇവയൊക്കെ ഉല്പാദിപ്പിക്കുന്ന രണ്ട് സ്ഥാപനങ്ങളാണ് സംഘത്തിന് തിരുവനന്തപുരം ജില്ലയിലുള്ളത്. കടകംപള്ളി മാറ്റ്സ് ആന്റ് മാറ്റിംഗ്സ്, ചിറയിൻകീഴ് അഞ്ചുതെങ്ങ് മാറ്റ്സ് ആന്റ് മാട്രസ്സ് എന്നിവയാണത്. കയർ സംഘങ്ങളിൽ ഉല്പാദിപ്പിക്കുന്ന കയർ വാങ്ങുന്നത് കയർഫെഡാണ്.

**സംഘത്തിലെ സ്ത്രീത്തൊഴിലാളികൾ: കുടുംബം, സമൂഹം, സംസ്കാരം**

പെരുങ്ങുഴി കയർ സംഘത്തിലെ 200 തൊഴിലാളികളിൽ 180 പേരും സ്ത്രീകളാണ്. 70 വയസ്സുള്ളവർ വരെ തൊഴിൽ ചെയ്യുന്നു. പരമ്പരാഗത കയർതൊഴിലാളികളാണധികവും. പല പ്രായത്തിലുള്ളവർ. മുതിർന്ന സ്ത്രീ തൊഴിലാളികളെ ആദരിക്കുകയും അനുസരിക്കുകയുമൊക്കെ ചെയ്യുന്ന കുടുംബാന്തരീക്ഷം ഫാക്ടറികളിൽ അനുഭവപ്പെടുന്നു. മുതിർന്ന തൊഴിലാളികളും ഇലക്ട്രോണിക് റാട്ടിൽ കയർ പിരിക്കുന്നുണ്ട്. പരമ്പരാഗത റാട്ടുപയോഗിക്കുന്നവരിൽ പലരും ഔപചാരിക വിദ്യാഭ്യാസം അധികം ലഭിച്ചിട്ടില്ലാത്തവരാണ്. പത്താംക്ലാസ്സ്, +2 യോഗ്യതയുള്ളവർ പലരും ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് യൂണിറ്റിലുണ്ട്. തുടർന്ന് പഠിക്കാനാഗ്രഹമുണ്ടെങ്കിലും സാധിക്കാത്ത സാഹചര്യമാണെന്ന് സ്ത്രീത്തൊഴിലാളികൾ പറയുന്നു. സാമ്പത്തിക പ്രതിസന്ധി

അനുഭവിക്കുന്ന കുടുംബങ്ങളാണ് മിക്കതും. തൊഴിലാളികൾ ഭൂരിഭാഗവും അവരുടെ മക്കളെ കയർത്തൊഴിലാളിയാക്കാനാഗ്രഹിക്കുന്നില്ല. സർക്കാർ ആനുകൂല്യം ലഭിക്കുന്നത് കൊണ്ടും ഫാക്ടറി തൊഴിലിലെ വരുമാനം ഉപയോഗിച്ചും അവർ മക്കളെ പഠിപ്പിക്കുന്നുണ്ട്. പരമ്പരാഗത റാട്ടിലും ഇലക്ട്രോണിക് റാട്ടിലും പിരിക്കുന്നവർക്ക് 350 രൂപയാണ് കൂലി. 7 മണി മുതൽ 1.30 വരെ പണിയുണ്ടാകും. പിറ്റേദിവസത്തേക്കുള്ള ചകിരി കൂടി വൃത്തിയാക്കി ചുരുട്ടി വയ്ക്കണം. ഓട്ടോമാറ്റിക്ക് സ്പിന്നിംഗിൽ ഒരു കിലോ കയർ നിർമ്മിക്കുന്നതിന് 10 രൂപയാണ് കൂലി. 35/40 കിലോ കയർ ഒരു തൊഴിലാളി നിർമ്മിക്കുന്നു. 4 മണി വരെ പണി എടുത്ത് 50 കിലോ കയർ വരെ നിർമ്മിക്കുന്നവരും യൂണിറ്റിലുണ്ട്. കേരളാ കയർ വർക്കേഴ്സ് വെൽഫയർഫണ്ട് ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കുന്നുണ്ട്. പ്രസവം, വിവാഹം, വിദ്യാഭ്യാസം, മരണാനന്തര ചടങ്ങുകൾ, ചികിത്സ എന്നിവയ്ക്ക് ധനസഹായം ലഭിക്കുന്നു. ഓണത്തിന് സർക്കാർ നിശ്ചയിക്കുന്ന ബോണസ് സംഘം നൽകുന്ന ഓണക്കോടി, ഓണക്കിറ്റ് എന്നിവ കിട്ടുന്നു. 270 രൂപ ക്ഷേമനിധിയായി അടയ്ക്കുന്നു.

കയർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉപയോഗിച്ച് വന്ന പഴയ പദങ്ങളാണ് പരമ്പരാഗതമായി അവർ ഇപ്പോഴും കൂടുതലും ഉപയോഗിക്കുന്നത്. വട്ടം (കായലിൽ തൊണ്ട് താഴ്ത്തുന്ന സ്ഥലം, വെള്ളക്കെട്ട്), മാൽ (തൊണ്ട് ഇടാനായി കയർ ഉപയോഗിച്ച് കെട്ടുന്ന വല) ചൂട്ട്ഉരിക്കൽ (അഴുകിയ തൊണ്ടിന്റെ പുറം തോട് ഇളക്കി കളയൽ) പൂള് (മൂന്ന് പൂളാണ് ഒരു തൊണ്ട്) ഉറ (200 പൂള്) വണ്ടി (12 കിലോ 1 വണ്ടി) പാക്കളം (കയറു പിരിക്കുന്ന സ്ഥലം) ഇങ്ങനെ ഭാഷാപരമായും വലിയൊരു സമ്പത്ത് ഇവർ സൂക്ഷിക്കുന്നു. തൊഴിൽപരമായ ഒരു കൂട്ടായ്മയുടെ ഭാഷാ സ്വത്വമാണത്. ആയിരം തൊണ്ട് തല്ലുന്നതിന് (ഇപ്പോൾ തൊണ്ട് തല്ലുന്ന യന്ത്രം) ആയിരം രൂപയും അഴക്കാനായി കൊണ്ടു വരുന്ന തൊണ്ട് എണ്ണുന്നതിന് 3500 തൊണ്ടിന് 350 രൂപയും തൊണ്ട് താഴ്ത്തുന്നതിന് 1500 തൊണ്ടിന് 350 രൂപയും ചൂട്ടുരിയുന്നതിന് 500 തൊണ്ടിന് 350 രൂപയും കൂലി കിട്ടും. തൊണ്ട് എണ്ണൽ, തൊണ്ട് താഴ്ത്തൽ, തൊണ്ട് തല്ലൽ, ചകിരി തെളിയ്ക്കൽ, കയർ കെട്ടൽ എന്നിവ ഇവിടെ പുരുഷൻമാർ ചെയ്യുന്നു. കയർ കെട്ടുന്ന

തിന് 7 കെട്ടിന് 350 രൂപയാണ് കൂലി. ഉല്പാദിപ്പിക്കുന്ന കയർ, കയർഫെഡ് വാങ്ങുമ്പോൾ അവർ ഉല്പാദനത്തിനായി നൽകിയ ചകിരിയുടെ വില കുറവ് ചെയ്ത് ഈ സംഘത്തിന് തുക നൽകുന്നു

പ്രകൃതിദത്തനാരുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന പരിസ്ഥിതിസൗഹൃദ ഉല്പന്നങ്ങൾ എന്ന നിലയിൽ കയറുല്പന്നങ്ങൾക്ക് കേന്ദ്രവനംപരിസ്ഥിതി മന്ത്രാലയത്തിന്റെ 'ഇക്കോമാർക്ക്' സർട്ടിഫിക്കേഷൻ ഉണ്ട്. ആഗോളതാപനം കുറയ്ക്കാനും മണ്ണൊലിപ്പ് തടയാനും സഹായിക്കുന്ന ഭൂവസ്ത്രങ്ങൾ (ജിയോടെക്സ്റ്റൈൽ). ജൈവവളമായും മണ്ണ് കണ്ടീഷൻ ചെയ്യാനും ഉപയോഗിക്കുന്ന ചകിരിച്ചോറ് (കയർപിത്ത്) ഇവയും പരിസ്ഥിതിസൗഹൃദ ഉല്പന്നങ്ങളാണ്. ജൈവമാലിന്യ സംസ്കരണത്തിന് ബയോ കംപോസ്റ്റർ ബിന്നുകളിൽ ഇനാക്കുലേറ്റഡ് കയർപിത്ത് ഉപയോഗിക്കുന്നുണ്ട്.

പരമ്പരാഗത കൈത്തൊഴിലായി വീടുകൾ കേന്ദ്രീകരിച്ച് കയർ പിരിച്ചിരുന്ന പഴയകാലത്ത് സ്ത്രീത്തൊഴിലാളികൾ ആരോഗ്യപ്രശ്നങ്ങൾ ധാരാളം അനുഭവിച്ചിരുന്നു. തൊണ്ട് അഴുകുമ്പോൾ ഉണ്ടാകുന്ന ഹൈഡ്രജൻ സൾഫൈഡ് പ്രകൃതിക്ക് വിനാശമായിത്തീരുന്നുണ്ട്. ജലാശയങ്ങൾ മലിനപ്പെടുന്നതുമാത്രമല്ല സ്ത്രീത്തൊഴിലാളികൾക്ക് ചർമ്മരോഗങ്ങളും അലർജി സംബന്ധമായ മറ്റ് പല രോഗങ്ങളും ബാധിച്ചിരുന്നു. തുച്ഛമായ കൂലി കൊണ്ട് ഉപജീവനം കഴിച്ച നാളുകൾ പരമ്പരാഗത കയർ തൊഴിലാളികൾ വേദനയോടെ ഓർമ്മിക്കുന്നുണ്ട്. കയർ സംഘങ്ങളും തൊഴിലാളി യൂണിയനുകളും വെൽഫെയർബോർഡുകളും നിലവിൽ വന്നപ്പോൾ തൊഴിലാളികൾ ഏറെക്കുറെ സുരക്ഷിതത്വം അനുഭവിക്കുന്നുണ്ട്.

**കയർബോർഡ്, കയർവികസനവകുപ്പ്, കേരളാകയർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്, കയർ വർക്കേഴ്സ് സെന്റർ.**

1953 ലെ കയർവ്യവസായനിയമം അനുസരിച്ച് രൂപീകരിച്ച സ്ഥാപനമാണ് കയർബോർഡ്. രാജ്യത്തെ കയർ വ്യവസായത്തിന്റെ മൊത്തത്തിലുള്ള സുസ്ഥിരവികസനമാണ് ലക്ഷ്യം. ഗവേഷണം, നവീകരണം, കയറ്റുമതിവികസനം, പരിശീലനപരിപാടികൾ, മാനവവിഭവശേഷിവികസനം ഇവയെല്ലാം

കയർബോർഡിന്റെ പ്രവർത്തനങ്ങളിൽഉൾപെടുന്നു. കേരളാ കയർവികസന വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനമാണ് കയർ വികസന ഡയറക്ടറേറ്റ്. സംസ്ഥാന സർക്കാരിന്റെ കയർ വ്യവസായവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ നടപ്പിലാക്കുന്ന ഏജൻസി. ഇതിൽ പത്ത് കയർപദ്ധതി കാര്യാലയങ്ങൾ (Project Office) ഉണ്ട്. കയർവികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുന്ന കയർതൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് കേരളാ കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്. തൊഴിലാളികൾക്ക് ധനസഹായം നൽകി വരുന്നു. 1971 ൽ രൂപീകരിച്ചതാണ് കയർ വർക്കേഴ്സ് സെന്റർ. 1976 മുതൽ 2001 വരെ സുശീലാഗോപാലൻ ഇതിന്റെ പ്രസിഡന്റായിരുന്നു. തൊഴിലാളികൾക്ക് വേണ്ടി വാദിച്ചു. 1991 ൽ ചിറയിൻകീഴ് മണ്ഡലത്തിൽ നിന്ന് ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

**കയർഫെഡ്, കയർവ്യവസായം മാസിക**

1979 ലാണ് കയർഫെഡ് (കേരളാ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ) രൂപീകരിച്ചത്. കേരളത്തിലെ പ്രാഥമിക കയർ സഹകരണസംഘങ്ങളുടെ ഫെഡറേഷനാണിത്. 11 ഫാക്ടറികളും 50 ഓളം സിഗ്നേച്ചർ ഷോപ്പുകളും കയർഫെഡ് നടത്തുന്നു. കയർഫെഡിന്റെ ആസ്ഥാനം ആലപ്പുഴയാണ്. കയർഫെഡിന്റെ മുഖമാസികയാണ് 'കയർവ്യവസായം' 1998 മുതൽ പ്രസിദ്ധീകരിക്കുന്നു.

**കയർവ്യവസായമേഖല: അതിജീവനശ്രമങ്ങൾ**

നമ്മുടെ പരമ്പരാഗത കയറുല്പന്നങ്ങളോട് ശക്തമായി മത്സരിക്കുന്ന ബദൽ ഉല്പന്നങ്ങൾ തമിഴ്നാട്, ശ്രീലങ്ക, എന്നിവിടങ്ങളിൽ ധാരാളമായി ഉല്പാദിപ്പിക്കുകയും കയറ്റുമതി ചെയ്യുകയും ചെയ്യുന്നു. പരമ്പരാഗത കുടിൽ വ്യവസായത്തിലുൾപ്പെടുന്ന കയർമേഖല ഇന്ന് വികസനത്തിന് ധാരാളം പ്രതിസന്ധികൾ നേരിടുന്നു. പരമ്പരാഗത ഉല്പന്നങ്ങൾക്ക് വിപണി കുറയുന്നു. ഉപഭോക്താക്കളുടെ അഭിരുചിയിൽ വന്ന മാറ്റവും പാരിസ്ഥിതികാവബോധവും യന്ത്രവത്കൃത ഉല്പന്നങ്ങളുടെ വിപണി വർദ്ധിപ്പിച്ചു.

പരമ്പരാഗത ഉല്പന്ന നിർമ്മിതിയെ സംരക്ഷിച്ച് കൊണ്ട് തന്നെ പുതിയ ആശയങ്ങൾ കണ്ടെത്തി പുതിയ ഉല്പന്ന വിപണനം സാധ്യമാക്കുകയാണ് കയർമേഖല. 2021 ൽ ആലപ്പുഴയിൽ നടത്തിയ വെർച്വൽകയർമേള അന്താരാഷ്ട്ര ശ്രദ്ധയാകർഷിച്ചിരുന്നു. കയർബോർഡും, കേരളാ കയർവികസന വകുപ്പും ധാരാളം പുതിയ വികസനപദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. കയർവ്യവസായത്തിൽ കൂടുതൽ യന്ത്രവത്കരിക്കൽ, വ്യാപാര പ്രവർത്തനങ്ങൾ, ഷോറൂമുകൾ സ്ഥാപിക്കൽ, കയർസംഘങ്ങളിൽ സർക്കാരിന്റെ ഓഹരിമൂലധനം ശക്തിപ്പെടുത്തൽ, സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം എന്നിവയ്ക്ക് കേരളകയർവികസന വകുപ്പ് ധനസഹായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

കമ്പോളത്തിന്റെ അഭിരുചിക്കനുസരിച്ച് വ്യവസായത്തെ മാറ്റാൻ നവീന ഉല്പന്നങ്ങളും സ്റ്റാർട്ടപ്പുകളും ആവശ്യമാണ്. കയർ ഭൂവസ്ത്രം, പി വി സി ടഫ്റ്റഡ് മാറ്റുകൾ എന്നിവയ്ക്ക് ഇന്ന് കൂടുതൽ ഡിമാൻഡുണ്ട്. കയർബോർഡ് നടപ്പിലാക്കുന്ന കയർ ഉദ്യമിയോജന (CUY) പുതിയ കയർ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി പദ്ധതിയാണ്. കയർ വികാസ് യോജനയിൽ ധാരാളം സ്കീമുകൾ ഉൾപ്പെടുന്നു. കയറ്റുമതി വിപണി പ്രമോഷൻ (EMP) ഉല്പാദന അടിസ്ഥാന സൗകര്യ വികസനം (DPI), മഹിളാകയർയോജന (MSY) ആഭ്യന്തരവിപണി പ്രമോഷൻ (DMP) തുടങ്ങിയവ ഇതിൽ പെടുന്നു. പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി (PMEGP) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിന് വേണ്ടിയുള്ള പദ്ധതികൾ (SFURTI) എന്നിവ കയർ വ്യവസായ മേഖലയിൽ അതിജീവന ശ്രമങ്ങളാണ്. അപാരമായ വിപണന സാധ്യതകൾ കയർവ്യവസായ മേഖലയ്ക്കുണ്ട്. രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ (GDP) കയറുല്പന്നങ്ങളുടെ കയറ്റുമതി പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

**ആവേദകസൂചി**

1. ആർ.അജിത്, പ്രസിഡന്റ്, പെരുങ്ങുഴി സി.വി.സി.എസ് ലിമിറ്റഡ്, നം 3053
2. വി.അനിൽകുമാർ, സെക്രട്ടറി, പെരുങ്ങുഴി സി.വി.സി.എസ് ലിമിറ്റഡ്

3. അനിത.എസ്, ബിസിനസ് മാനേജർ, പെരുങ്ങുഴി സി.വി.സി.എസ് ലിമിറ്റഡ്
4. ശുഭ, ഇലക്ട്രോണിക് റാട്ട് യൂണിറ്റ്, സി.വി.സി.എസ് ലിമിറ്റഡ്
5. വസന്ത, ഇലക്ട്രോണിക് റാട്ട് യൂണിറ്റ്, സി.വി.സി.എസ് ലിമിറ്റഡ്
6. വിജി, ഓട്ടോമാറ്റിക് സ്പിന്നിംഗ് യൂണിറ്റ്, സി.വി.സി.എസ് ലിമിറ്റഡ്
7. ലതിക, ഓട്ടോമാറ്റിക് സ്പിന്നിംഗ് യൂണിറ്റ്, സി.വി.സി.എസ് ലിമിറ്റഡ്
8. സുനി, ചകിരിതെളിപ്പ് യൂണിറ്റ്, സി.വി.സി.എസ് ലിമിറ്റഡ്
9. സുന്ദരേശൻ, തൊണ്ട് എടുപ്പ് യൂണിറ്റ്, സി.വി.സി.എസ് ലിമിറ്റഡ്
10. മോഹനൻ, കയർകെട്ട് യൂണിറ്റ്, സി.വി.സി.എസ് ലിമിറ്റഡ്

## ഗ്രന്ഥസൂചി

അനിൽ കെ. എം., 2018 ഫോക്‌ലോർ ജനസംസ്കൃതിയുടെ വേരുകൾ, കേരളാ ഫോക്‌ലോർ അക്കാദമി, കണ്ണൂർ.

കരുണാകരൻ, തിരുനല്ലൂർ, 1957 റാണി, പ്രഭാത് ബുക്സ്, തിരുവനന്തപുരം.

ബാലകൃഷ്ണൻ, പി. കെ., 2012 കയർ വ്യവസായത്തിന്റെ സാമ്പത്തിക ചരിത്രം, ഡി. സി. ബുക്സ് കോട്ടയം.

തോമസ് ഐസക്, ടി. എം., ആനത്തലവട്ടം ആനന്ദൻ, 2015 കയർ നിലയ്ക്കാത്ത പോരാട്ടങ്ങൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

ദിലീപ് കുമാർ, കെ. പി., (എഡി.) 2004 നാടോടി കൈവേല, ഡി. സി. ബുക്സ്, കോട്ടയം.

രാഘവവാര്യർ എം.ആർ., 2009 കേരളീയത ചരിത്രമാനങ്ങൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, എടപ്പാൾ.

ശങ്കരൻ നമ്പൂതിരിപ്പാട്, ഇ.എം., 2008 കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഉത്ഭവവും വളർച്ചയും, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.

ഹരിപ്രിയ, എസ്., 2011 കേരളത്തിലെ കൈവേലകൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ആനുകാലികങ്ങൾ

1. കയർവ്യവസായം, ഒക്ടോബർ2021, വാല്യം 5, ലക്കം 3, കയർ ഫെഡ്, ആലപ്പുഴ.
2. കയർ വ്യവസായം, ഫെബ്രുവരി 2021, വാല്യം 4, ലക്കം 7 കയർ ഫെഡ്, ആലപ്പുഴ

beenaanil9@gmail.com